# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733370


## വാർത്താക്കുറിപ്പ്

**2023 നവംബർ 17**

---

## അബ്ടെക്ക് ഗവേഷണ കേന്ദ്രം സർവകലാശാലയുടെ കാലോചിതമായ ചുവടുവയ്പ്പ്-മന്ത്രി വി.എൻ. വാസവൻ

സംസ്ഥാന സർക്കാരിന്റെ പുതിയ ഉന്നത വിദ്യാഭ്യാസ കാഴ്ച്ചപ്പാട് ഉൾക്കൊണ്ടുകൊണ്ടാണ് സ്വകാര്യ ബയോസയൻസ് കമ്പനിയായ അബ്ടെക്കിലെ ഗവേഷണ സ്ഥാപനത്തിന് മഹാത്മാ ഗാന്ധി സർവകലാശാല അംഗീകാരം നൽകിയതെന്ന് സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. സർവകലാശാലയിൽ നടന്ന ചടങ്ങിൽ അംഗീകാരപത്രം അബ്ടെക്കിന് കൈമാറി സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസം നൽകി തൊഴിലന്വേഷകരെ സൃഷ്ടിക്കുന്നതിനു പകരം വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വകാര്യ വ്യവസായങ്ങളും സർക്കാരും കൈകോർക്കുന്ന അന്തരീക്ഷം സാമ്പത്തിക, സാമൂഹ്യ വികസനത്തിലേക്ക് നയിക്കും. വിദ്യാർഥികളെ സംരംഭകരാക്കി വളർത്താനും വിപണിയുടെയും സമൂഹത്തിന്റെയും ആവശ്യങ്ങളറിഞ്ഞുള്ള ഗവേഷണങ്ങൾ നടത്താനും ഉപകരിക്കുന്ന മാറ്റമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. സർവകലാശാലയിലെ ഗവേഷകർക്ക് പുതയ അവസരങ്ങൾ തുറക്കാൻ അബ്ടെക്കിന് സാധിക്കും-അദ്ദേഹം പറഞ്ഞു.

സർവകലാശാലാ സിൻഡിക്കേറ്റ് അംഗം ഡോ. ബി. കേരളവർമ അധ്യക്ഷത വഹിച്ച ചടങ്ങിൽ അബ്ടെക് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ കെ.ജെ. ജേക്കബ് മന്ത്രിയിൽനിന്ന് അഗീകാരപത്രം ഏറ്റുവാങ്ങി. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, പ്രഫ. പി. ഹരികൃഷ്ണൻ, ഡോ. എ. ജോസ്, ഡോ. ആർ. അനിത, ഡോ.ബിജു പുഷ്പൻ, ഡോ. ബീന മാത്യു, ഡോ. ബിജു തോമസ്,
രജിസ്ട്രാർ ഡോ. ബി പ്രകാശ് കുമാർ, ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ, അബ്ടെക്ക് ജനറൽ മാനേജർ ബിബിൻ ജേക്കബ്, റിസർച്ച് ആന്റ് ഡവലപ്മെന്റ് വിഭാഗം മേധാവി പ്രഫ. പി. ശിവപ്രസാദ്, ജനറൽ മാനേജർ ഷിബു ആന്റണി തുടങ്ങിയവർ പങ്കെടുത്തു.

ഇതാദ്യമായാണ് ഒരു സ്വകാര്യ വ്യവസായ സ്ഥാപനത്തിലെ ഗവേഷണ കേന്ദ്രത്തിന് മഹാത്മാ ഗാന്ധി സർവകലാശാലയുടെ അംഗീകൃത കേന്ദ്രമെന്ന അംഗീകാരം നൽകുന്നത്. സർവകലാശാലയിലെ പി.എച്ച്.ഡി വിദ്യാർഥികൾക്ക് ഗവേഷണത്തിനും ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് പരിശീലനത്തിനും അബ്ടെക്കിലെ കേന്ദ്രത്തിൽ സൗകര്യമുണ്ടാകും. സർവകലാശാലയിലെ വിവിധ വകുപ്പുകളിലെ ഗവേഷണ ഫലങ്ങളെ ഉത്പന്നങ്ങളും സംരംഭങ്ങളുമാക്കി മാറ്റുന്നതിനും അബ്ടെക്കിന്റെ പിന്തുണ ലഭിക്കും.

**ഫോട്ടോ ക്യാപ്ഷൻ..**
സ്വകാര്യ ബയോസയൻസ് കമ്പനിയായ അബ്ടെക്കിന്റെ ഗവേഷണകേന്ദ്രത്തിനുള്ള മഹാത്മാ ഗാന്ധി സർവകലാശാലയുടെ അംഗീകാര പത്രം സർവകലാശാലയിൽ നടന്ന ചടങ്ങിൽ മന്ത്രി വി.എൻ. വാസവൻ കമ്പനി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ കെ.ജെ. ജേക്കബിന് കൈമാറുന്നു. രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, അഡ്വ. റെജി സക്കറിയ, പ്രഫ.പി. ശിവപ്രസാദ്, പ്രഫ. പി. ഹരികൃഷ്ണൻ, ഡോ. ബി കേരളവർമ, ബിബിൻ ജേക്കബ് എന്നിവർ സമീപം.

(പി.ആർ.ഒ/39/1365/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഡിസംബർ എട്ടിന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.പി.എഡ്(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷൻ സപ്ലിമെൻററി, 2016 മുതൽ 2019 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് നവംബർ 27 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.
നവംബർ 28ന് പിഴയോടു കൂടിയും നവംബർ 29ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/1366/2023)

## സബ് സെൻറർ

നവംബർ 21ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എ, ബി.കോം(പ്രൈവറ്റ് രജിസ്ട്രേഷൻ - 2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് സബ് സെൻറർ അനുവദിച്ചു. വിജ്ഞാപനം സർവകലാശാലാ വെബ്സൈറ്റിൽ. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത സെൻററിൽ നിന്നും ഹാൾ ടിക്കറ്റുകൾ വാങ്ങി അനുവദിക്കപ്പെട്ട കേന്ദ്രങ്ങളിൽ പരീക്ഷയ്ക്ക് ഹാജരാകണം.

(പി.ആർ.ഒ/39/1367/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.എച്ച്.എം(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും - പുതിയ സ്കീം - ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 23 മുതൽ പാലാ, സെൻറ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻറ് കാറ്ററിംഗ് ടെക്നോളജിയിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

................

മൂന്നാം സെമസ്റ്റർ ബി.എസ്.സി ഇലക്ട്രോണിക്സ് (സി.ബി.സി.എസ്.എസ് - 2009-2012 അഡ്മിഷൻ സെമസ്റ്റർ ഇംപ്രൂവ്മെൻറും മെഴ്സി ചാൻസും - ഓഗസ്റ്റ് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ ഏഴിന് പെരുമ്പാവൂർ ജയഭാരത് ആർട്ട്സ് ആൻറ് സയൻസ് കോളജിൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

.....................

രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2012 മുതൽ 2015 വരെ അഡ്മിഷനുകൾ സ്പെഷ്യൽ മെഴ്സി ചാൻസ് - ഓഗസ്റ്റ് 2023) പരീക്ഷയുടെ പ്രോയോഗിക പരീക്ഷ ആയ ഇൻഫർമേഷൻ ടെക്നോളജി നവംബർ 28,29 തീയതികളിൽ കോലഞ്ചേരി സെൻറ് പീറ്റേഴ്സ് കോളജിലും, ഏറ്റുമാനൂരപ്പൻ കോളജിലും നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1368/2023)

## പരീക്ഷാ ഫലം

കഴിഞ്ഞ വർഷം നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി(20122018 അഡ്മിഷൻ സപ്ലിമെൻററിയും മെഴ്സി ചാൻസും) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ 2017-2018 അഡ്മിഷൻ വിദ്യാർഥികൾ നിശ്ചിത ഫീസ് അടച്ച് ഓൺലൈനിലും 2012-2016 അഡ്മിഷൻ വിദ്യാർഥികൾ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലും സമർപ്പിക്കണം. അവസാന തീയതി ഡിസംബർ ഒന്ന്.

.....................

ഒന്നും രണ്ടും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ സംസ്കൃതം ജനറൽ, സംസ ്കൃത സ്പെഷ്യൽ(ന്യായ, സാഹിത്യ, വേദാന്ത, വ്യാകരണ) (2021 അഡ്മിഷൻ റഗുലർ - ഓഗസ്റ്റ് 2022), (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി - ജൂലൈ 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 29 വരെ ഓൺലൈനിൽ സമർപ്പിക്കാം.

.....................

മെയ് മാസം നടത്തിയ അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.കോം എൽ.എൽ.ബി(ഓണേഴ്സ് - 2019 അഡ്മിഷൻ റഗുലർ, 2018 അഡ്മിഷൻ സപ്ലിമെൻററി), പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽ.എൽ.ബി(ഓണേഴ്സ് - 2015,2016,2017 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ 2018,2019 അഡ്മിഷൻ വിദ്യാർഥികൾ നിശ്ചിത ഫീസ് അടച്ച് ഓൺലൈനിലും 2018 അഡ്മിഷന് മുൻപുള്ള വിദ്യാർഥികൾ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലും സമർപ്പിക്കണം. അവസാന തീയതി ഡിസംബർ ഒന്ന്.
.....................

മെയ് മാസം നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ എൽ.എൽ.ബി പഞ്ചവത്സര ഇൻറഗ്രേറ്റഡ്(2012 മുതൽ 2015 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഡിസംബർ ഒന്നു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/1369/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**